# രണ്ടാം വട്ട ഇന്ത്യാ- യു എസ്, സമുദ്ര സുരക്ഷാ സംഭാഷണം

മേയ് 11, 2017

രണ്ടാം വട്ട ഇന്ത്യാ- യു എസ്, സമുദ്ര സുരക്ഷാ സംഭാഷണം മെയ് 9-10,2017 തീയതികളില് റോഡ് ഐലണ്ടിലെ ന്യൂപോര്ട്ടില് നടന്നു. ഇന്ത്യന് പ്രതിനിധി സംഘത്തെ ജോയിന്റ് സെക്രട്ടറി (ഡി & ഐഎസ്എ ) ഡോ. പങ്കജ് ശര്മയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ( എഎംഎസ്) ശ്രീ മുനു മഹാവര്, പ്രതിരോധ വകുപ്പ് മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (നേവി) , ശ്രീമതി ദേവിക രഘുവംശി എന്നിവര് സംയുക്തമായി നയിച്ചു. യു.എസ് വിഭാഗത്തെ , ഏഷ്യന്-പസിഫിക് സുരക്ഷാ കാര്യങ്ങളുടെ പ്രതിരോധ അസിസ്റ്റന്റ് സെക്രട്ടറിയായി പ്രവര്ത്തിക്കുന്ന ശ്രീ ഡേവിഡ് ഹെല്വേയും സ്റ്റേറ്റ് ഫോര് സൌത്ത് ആന്ഡ് സെന്ട്രല് ഏഷ്യന് അഫയേഴ്സ് ഡെപ്യൂട്ടി അസിസ്റ്റന്റ് സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുന്ന ശ്രീ ഷാണ് സ്റ്റെയിനും സംയുക്തമായി നയിച്ചു.

ഏഷ്യാ-പസിഫിക് സമുദ്ര മേഖലയിലെ സമുദ്രകാര്യ വികസനങ്ങളെ കുറിച്ചുള്ള കാഴ്ചപ്പാടുകള് ഇരു വിഭാഗവും പങ്ക് വക്കുകയും സമുദ്രകാര്യ സുരക്ഷാ സഹകരണം കൂടുതല് ശക്തമാക്കുവാന് വേണ്ട ചുവടുകളെ പരിഗണിക്കുകയും ചെയ്തു . മെയ് 2016 ല് നടന്ന പ്രഥമ സമുദ്രകാര്യ സുരക്ഷാ സംഭാഷണത്തില് തീരുമാനിക്കപ്പെട്ട കാര്യങ്ങള് നടപ്പാക്കിയതും അവര് അവലോകനം ചെയ്തു

അടുത്ത ഘട്ട സംഭാഷണം ഇന്ത്യയില് വച്ച് , പരസ്പരം സൌകര്യപ്രദമായ ഒരു തീയതിയില് നടത്തും

ന്യൂഡെല്ഹി
മേയ് 11, 2017